# ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിംഗിന്റെ ദുരിതങ്ങൾ നിയന്ത്രിക്കുന്നതിനായുള്ള യുജിസി നിബന്ധനകൾ, 2009 ന്റെ സംഗ്രഹം

1. ആമുഖം: ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 08.05.2009 ലെ നിർദേശങ്ങളും റാഗിംഗിന്റെ വിപത്ത് നിരോടുക്കുന്നതിനും, തടയുന്നതിനും, ഉൻമൂലനം ചെയ്യുന്നതിനും ഉള്ള കേന്ദ്ര സർക്കാരിന്റേയും യൂണിവേർസിറ്റി ഗ്രാന്റ്സ് കമ്മീഷന്റേയും സിശ്ചയദാർഢ്യവും പരിഗണിച്ചുകൊണ്ട്

2. ലക്ഷ്യം: ഈ നിബന്ധനജ്കല് പ്രകാരം റാഗിംഗ് നിരോധിക്കുകയും, അവ ഉണ്ടാകുന്നത് തടയുകയും, ഈ നിബന്ധനകളിൽ പറയുന്നത് പ്രകാരവും നിലവിലുള്ള അനുയോജ്യമായ നിയമങ്ങൾ പ്രകാരവും റാഗിംങ്ങില് ഏർപ്പെടുന്നവരെ ശിക്ഷിച്ചുകൊണ്ടും സർവകാലാ ശാലകളില് നിന്നും കല്പിത സർവകലാശാലകളില് നിന്നും കൂടാതെ രാജ്യത്തെ മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും റാഗിംങ്ങും അതിന്റെ മറ്റ് രൂപങ്ങളും ഉൻമൂലനം ചെയ്യുക

3. എന്താണ് റാഗിംഗ് ആകുന്നത്: താഴെ പറയുന്നതില് പെട്ട ഒന്നോ അതിൽ കൂടുതലോ ആയ ഏതൊരു പ്രവർത്തിയും റാഗിംഗ് ആയി തീരുന്നു:
   a) പുതുതായി വരുന്ന ഒരാളേയോ മറ്റൊരു വിദ്യാർത്ഥിയേയോ വാക്കാലോ, എഴുത്തിലൂടേയോ പ്രവർത്തിയിലൂടേയോ ഒരു വിദ്യാർത്ഥിയോ ഒരു സംഘം വിദ്യാർത്ഥികളോ കളിയാക്കുകയോ മര്യാദയില്ലാതെ ഇടപെടുകയോ കൈകാര്യം ചെയ്യുകയോ ചെയ്യുന്നത്.
   b) പുതുതായി വരുന്ന ഒരാൾക്കൊ മറ്റൊരു വിദ്യാർത്ഥിക്കോ അസ്വസ്ഥത, ബുദ്ധിമുട്ടുകള്, ശാരീരികമോ മാനസികമോ ആയ ക്ഷതം, ഭീതി, ആശങ്ക എന്നിവയേതെങ്കിലും ഉണ്ടാക്കുന്നതോ അല്ലെങ്കിൽ ഉണ്ടാക്കിയേക്കാവുന്നതോ ആയ റൌഡിത്തരം അല്ലെങ്കിൽ അച്ചടക്കമില്ലാത്ത പ്രവർത്തികളില് വിദ്യാർത്ഥിയോ വിദ്യാർത്ഥികളോ ഏർപ്പെടുന്നത്.
   c) സാധാരണ ഗതിയിൽ ഒരു വിദ്യാർത്ഥി ചെയ്യാത്തതും അവരിൽ ലജ്ജ, അല്ലെങ്കില് യാതന അല്ലെങ്കില് വിഷമം എന്നിവ ഉണ്ടാക്കുന്നതോ ഉണ്ടാക്കിയെക്കാവുന്നതോ ആയതും അതുവഴി അത്തരം പുതുതായി എത്തുന്ന ആൾക്കൊ മറ്റേതെങ്കിലും വിദ്യാർത്ഥിക്കോ ശാരീരികമോ

മാനസികമോ ആയ ക്ഷതം ഉണ്ടാക്കുന്ന പ്രവർത്തി ചെയ്യുവാൻ അവരോട് ആവശ്യപ്പെടുക.

d) മറ്റൊരു വിദ്യാർത്ഥിയുടെ അല്ലെങ്കില് പുതുതായി എത്തുന്ന ഒരാളുടെ സാധാരണ പഠന പ്രവർത്തനത്തെ ശല്യപ്പെടുത്തുന്ന ഒരു സീനിയർ വിദ്യാർത്ഥിയുടെ ഏതൊരു പ്രവർത്തിയും.

e) ഒരു വിദ്യാർത്ഥിയോ ഒരുകൂട്ടം വിദ്യാർത്ഥികളോ ചെയ്യേണ്ട പഠന പ്രവർത്തനങ്ങൾ പൂർത്തിയാക്കുയാവാൻ പുതുതായി എത്തുന്ന ഒരുവന്റെ സേവനം ചൂഷണം ചെയ്യൽ.

f) പുതുതായി എത്തുന്നവർക്കോ അല്ലെങ്കില് മറ്റൊരു വിദ്യാർത്ഥിക്കോ നിർബന്ധിത സാമ്പത്തിക ബാധ്യതയുണ്ടാക്കുകയോ സാമ്പത്തിക ചൂഷണം ഉണ്ടാകുകയോ ചെയ്യുന്ന വിദ്യാർത്ഥികളുടെ ഏതൊരു പ്രവർത്തിയും.

g) എല്ലാവിധ അധിക്ഷേപങ്ങളും അവയുടെ എല്ലാ രൂപങ്ങളും അടക്കം: ലൈംഗിക അധിക്ഷേപം, സ്വവർഗ്ഗ പീഡനം, നഗ്ന(നാ)യാക്കൽ, വഷളായതും മോദീപകവുമായ പ്രവർത്തി ചെയ്യാന് നിർബന്ധിക്കല്, ചേഷ്ടകള്, ആരോഗ്യത്തിനോ വ്യക്തിത്വത്തിനോ ദോഷമോ അപകടമോ ഉണ്ടാകുന്ന പ്രവർത്തികൾ.

h) വാക്കുകൊണ്ടോ, ഇമെയില്, പോസ്റ്റ്, പൊതു നിന്ദ ഉള്ള നിന്ദാകരമായ ഏതൊരു പ്രവർത്തിയും ഇതില് നെറികെട്ട സന്തോഷം കിട്ടുന്ന പ്രവർത്തികള്, പുതുതായി എത്തുന്ന ഒരാൾക്കോ അല്ലെങ്കില് മാട് വിദ്യാർത്ഥികൾക്കോ അസ്വസ്ഥത ഉണ്ടാക്കുന്ന പ്രവർത്തികളില് പ്രത്യക്ഷമായോ പരോക്ഷമായോ പങ്കെടുക്കുന്നതും ഉൾപ്പെടുന്നു.

i) പുതുതായി എത്തുന്ന ഒരാളുടെ മാനസിക ആരോഗ്യത്തേയും ആത്മാവിശ്വാസത്തേയും ബാധിക്കുന്ന ഏതൊരു പ്രവത്തിയും അല്ലെങ്കിൽ ഒരു വിദ്യാർത്ഥി പുതുതായി വരുന്ന ഒരാളുലെ മേൽ വേദനിപ്പിച്ച് രസിക്കുക എന്ന ഉദേശത്തോട് കൂടിയോ അല്ലാതേയോ ശക്തിയും അധികാരവും മേൽകോയ്മയും കാണിക്കുന്നതിനായി നടത്തുന്ന ഏതൊരു പ്രവർത്തിയും.

**4.** റാഗിംഗ് നിരോധിക്കുന്നതിനുള്ള നടപടികൾ: സ്ഥാപന തലത്തിലും, സർവ്വകാലാശാലാ തലത്തിലും, ജില്ലാ തലത്തിലും അത്തരം പല നടപടിക്രമങ്ങളും എടുത്ത് വരുന്നു. അവയിൽ വിദ്യാർത്ഥികള് അറിഞ്ഞിരിക്കേണ്ടത് പ്രധാനമായിട്ടുള്ളവ ഇവയാണ്:

- റിപ്പോർട്ട് ചെയ്യപ്പെട്ട ഏതൊരു രൂപത്തിലുമുള്ള റാഗിംഗ് സംഭവത്തിന് നേരേയും കണ്ണടക്കുവാൻ ഒരു സ്ഥാപനത്തിനും അനുവാദമില്ല; ഈ നിബന്ധനകളിലുള്ള വകുപ്പുകളില് ഉള്ള, എന്നാൽ അതില് പരിമിതപ്പെടുത്താതെ, സ്ഥാപനത്തിനകത്തും പുറത്തും റാഗിംഗ് ഉന്മൂലനം ചെയ്യണം എന്ന ലക്ഷ്യം നേടുന്നതിനായി എല്ലാ സ്ഥാപനങ്ങളും സാധ്യമായതും ആവശ്യമായതും ആയ എല്ലാ നടപടികളും സ്വീകരിക്കേണ്ടതാണ്.
- റാഗിംങ്ങിൽ കുറ്റകാരാണെന്ന് കണ്ടെത്തുന്നവര് കൂടാതെ/അല്ലെങ്കിൽ പ്രത്യക്ഷമായോ പരോക്ഷമായോ റാഗിംങ്ങിനെ പ്രോൽസാഹിപ്പിക്കുന്നവര് അല്ലെങ്കില് റാഗിംഗ് നടത്തുവാനുള്ള ഗൂഡാലോചനയിൽ പങ്കെടുക്കുന്നവര് എന്നിവർക്ക് എതിരെ എല്ലാ സ്ഥാപനങ്ങളും ഈ നിബന്ധനകൾ പ്രകാരം നടപടി സ്വീകരിച്ചിരിക്കേണ്ടതാണ്.
- ഏതൊരു സ്ഥാപനവും അത് നടത്തുന്ന കോഴ്സുകളെ കുറിച്ച് ഏതൊരു ഇലക്ട്രോണിക് ശ്രവ്യ ദൃശ്യ മാധ്യമ അല്ലെങ്കില് പ്രിന്റ് ചെയ്ത അല്ലെങ്കില് മറ്റേതെങ്കിലും മാധ്യമം മുഖേന നടത്തുന്ന പരസ്യത്തിലും സ്ഥാപനത്തിൽ റാഗിംഗ് പൂർണ്ണമായി നിരോധിച്ചിരിക്കുന്നു എന്നും റാഗിംഗിന്റെ പേരിൽ കൂടാതെ/അല്ലെങ്കിൽ പ്രത്യക്ഷമായോ പരോക്ഷമായോ റാഗിംഗിന് പ്രേരിപ്പിച്ചതിന്റെ പേരിൽ, അല്ലെങ്കില് റാഗിംഗ് പ്രോസാഹിപ്പിക്കുന്നതിനുള്ള ഗൂഡാലോചനയില് പങ്കെടുത്തതിന്റെ പേരിൽ കുറ്റക്കാരനാണെന്ന് കണ്ടാല് അവർ ഈ നിബന്ധനകള് പ്രകാരവും അപ്പോള് നിലവിലുള്ള ശിക്ഷാ നിയമങ്ങളും പ്രകാരം ശിക്ഷാർഹരാണ് എന്നും പ്രകടമായി കാണിച്ചിരിക്കേണ്ടതാണ്.
- റാഗിംഗ് വിരുദ്ധ ഹെൽപ്പ് ലൈനിന്റേയും സ്ഥാപനത്തിലെ പ്രധാന പ്രവർത്തകരുടെയും, സ്ഥാപന തലവന്, അദ്ധ്യാപകര്, റാഗിംഗ് വിരുദ്ധ കമ്മറ്റിയുടേയും റാഗിംഗ് വിരുദ്ധ സ്ക്വാഡിന്റേയും അംഗങ്ങള് ജില്ലാ, സബ് ഡിവിഷണല് അധികാരികൾ, ഹോസ്റ്റലുകളുടെ വാർഡൻമാര് മറ്റ് പ്രവർത്തന അധികാരികള് അല്ലെങ്കില് ബന്ധപ്പെട്ട അധികാരികൾ എന്നിവരുടേയും,  എന്നാല് ഇവയില് പരിമിതപ്പെടുത്താതെ, ടെലഫോൺ നമ്പറുകൾ സ്ഥപനത്തിന്റെ അഡ്മിഷൻ ബ്രോഷർ/ നിർദേശ ബുക്ക് ലെറ്റ് അല്ലെങ്കില് പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തേണ്ടതാണ്.
- അഡ്മിഷൻ, എന്റോൾമെന്റ്, രജിസ്ട്രേഷന് എന്നിവകൾക്കുള്ള അപേക്ഷകൾ ക്കൊപ്പം നിർദിഷ്ട ഫോമില് വിദ്യാർത്ഥി ഒപ്പിട്ട ഒരു റാഗിംഗ് വിരുദ്ധ സത്യവാങ് മൂലവും അതോടൊപ്പം

മാതാപിതാക്കൾ/രക്ഷിതാക്കൾ ഒപ്പിട്ട മറ്റൊരു റാഗിംഗ് വിരുദ്ധ സത്യവാങ്മൂലവും സമർപ്പിക്കേണ്ടതാണ്. (ഈ രണ്ട് സത്യവാങ്മൂലങ്ങളും വെബിൽ നിന്നും ഡൌൺലോഡ് ചെയ്യുവാൻ കഴിയുന്നതാണ്)

- റാഗിംഗ് വിരുദ്ധ ഹെൽപ്പ് ലൈനിന് കിട്ടുന്ന ഏതൊരു സന്ദേശവും അപ്പോൾ തന്നെ സ്ഥപനത്തിന്റെ മേലധികാരിക്ക്, ഹോസ്റ്റലുകളുടെ വാർഡൻമാർക്ക്, റിപ്പോർട്ട് ചെയ്തിട്ടുള്ള സംഭവം ഒരു യൂണിവേർസിറ്റിയില് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഒരു സ്ഥാപനത്തിൽ ആണെങ്കില്, അഫിലിയേറ്റ് ചെയ്തിട്ടുള്ള യൂണിവേർസിറ്റിയുടെ നോഡല് ഓഫീസർമാർക്ക്, ആവശ്യമെങ്കില് ബന്ധപ്പെട്ട ജില്ലാ അധികാരികളായ ജില്ലാ മജിസ്ട്രേട്ടിനും പോലീസ് സൂപ്രണ്ടിനും അയക്കേണ്ടതാണ്. കൂടാതെ അവ മാധ്യമങ്ങൾക്കും പൌരൻമാർക്കും പ്രാപ്യമായ വിധം പബ്ലിക് ഡൊമൈൻ വെബ് സൈറ്റിലും ഇടേണ്ടതാണ്.
- റാഗിംഗ് വിരുദ്ധ സ്ക്വാഡിന്റെ ശുപാർശ ലഭിച്ച് കഴിഞ്ഞാല്, അല്ലെങ്കിൽ റിപ്പോര്ട്ട് ചെയ്യപ്പെട്ട റാഗിംഗ് സംഭവവുമായി ബന്ധപ്പെട്ട എന്തെങ്കിലും വിവരം ലഭിച്ചാൽ, ശിക്ഷാ നിയമങ്ങൾ അനുസരിച്ച് ഒരു കേസ് എടുത്തിട്ടുണ്ടോ എന്ന് സ്ഥാപനത്തിന്റെ മേലധികാരി ഉടൻ തന്നെ പരിശോധിക്കേണ്ടതാണ്, അങ്ങനെ ആണെങ്കില് അദ്ദേഹം സ്വയമോ അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തിയ ഒരു റാഗിംഗ് വിരുദ്ധ കമ്മറ്റി അംഗം മുഖേനെയോ അത്തരം വിവരം അല്ലെങ്കിൽ ശുപാർശ ലഭിച്ച് ഇരുപത്തി നാല് മണിക്കൂറുകൾക്കുള്ളില് പോലീസിലും പ്രാദേശിക അധികാരികളുടെ അടുത്തും ഉചിതമായ ശിക്ഷാ വകുപ്പുകൾ അനുസരിച്ച് ഒരു ഫസ്റ്റ് ഇൻഫർമേഷന് റിപ്പോർട്ട് (എഫ്ഐആർ) ഫയൽ ചെയ്യണം.
- ഓരോ വിദ്യാർത്ഥിയും അവന്റെ/അവളുടെ മാതാപിതാക്കളും/രക്ഷിതാക്കളും സമർപ്പിച്ചതും സ്ഥാപനം സ്വന്തമായോ അല്ലെങ്കിൽ അതിനു വേണ്ടി അധികാരപ്പെടുത്തിയിട്ടുള്ള ഏജൻസിയോ സൂക്ഷിച്ചിട്ടുള്ളതുമായ സത്യവാങ് മൂലങ്ങളിൽ നിന്നും കമ്മീഷൻ ഉചിതമായ ഒരു ഡേറ്റാബേസ് പരിപാലിക്കേണ്ടതാണ്; കൂടാതെ അത്തരം ഒരു ഡേറ്റാബേസ് ലഭിച്ച റാഗിംഗ് പരാതികളുടേയും അവയിൽ സ്വീകരിച്ച നടപടികളുടേയും ഒരു റെക്കോഡ് ആയും വർത്തിക്കുന്നു.
- കമ്മീഷൻ ഏതൊരു സ്ഥാപനത്തിനും നൽകുന്ന, പൊതുവായതോ അല്ലെങ്കിൽ കമ്മീഷന്റെ പ്രത്യേക സ്കീമുകളിൽ ഉൾപ്പെടുത്തി കൊണ്ടുള്ള ഏതൊരു സാമ്പത്തിക

സഹായത്തിന്റെയും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റില്, സ്ഥാപനം റാഗിംഗ് വിരുദ്ധ നടപടികൾ സ്വീകരിച്ചു എന്ന ഒരു നിബന്ധന കൂടി ഉൾപ്പെടുത്തേണ്ടതാണ്.

- എൻഎഎസി യോ അല്ലെങ്കില് അംഗീകൃത അക്രഡിറ്റേഷന് ഏജൻസിയോ അക്രഡിറ്റേഷന്, റാങ്കിംഗിന് അല്ലെങ്കില് ഗ്രേഡിംഗ് ആവശ്യത്തിന് സ്ഥാപനത്തെ വിലയിരുത്തുന്ന സമയത്ത് സ്ഥാപനത്തിലുണ്ടായ ഏതൊരു റാഗിംഗ് സംഭവവും സ്ഥാപനത്തിന്റെ അക്രഡിറ്റേഷനെ, റാങ്കിംഗിനെ അല്ലെങ്കിൽ ഗ്രേഡിംഗിനെ പ്രതികൂലമായി ബാധിക്കുന്നതാണ്.
- മറ്റ് തരത്തിൽ നിയമത്തിന്റെ 12ബി വകുപ്പനുസരിച്ച് ഗ്രാന്റ് ലഭിക്കുവാൻ അർഹതയുള്ള സ്ഥാപനങ്ങളില് റാഗിംഗ് സംഭവങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ലാത്ത സ്ഥാപനങ്ങൾക്ക് കമ്മീഷന് മുൻഗണന നൽകുന്നതായിരിക്കും.

5. റാഗിംഗ് ഉണ്ടായാൽ ഉള്ള ഭരണപരമായ നടപടികൾ: താഴെ വിവരിക്കുന്ന നിർദിഷ്ട നടപടിക്രമങ്ങള് പിൻതുടർന്നുകൊണ്ട് റാഗിംഗ് നടത്തിയതിന്റെ പേരിൽ കുറ്റക്കാരെന്നു കണ്ടെത്തിയ വിദ്യാർത്തികളെ സ്ഥാപനം ശിക്ഷിക്കേണ്ടതാണ്.:

- സ്ഥാപനത്തിലെ റാഗിംഗ് വിരുദ്ധ കമ്മറ്റി ശിക്ഷയെ സംബന്ധിച്ച് ഉചിതമായ ഒരു തീരുമാനം എടുക്കേണ്ടതാണ്, മറ്റൊരു വിധത്തിൽ പറഞ്ഞാല്, റാഗിംഗ് വിരുദ്ധ സ്ക്വാഡിന്റെ ശുപാർശകളില് സ്ഥാപിച്ചിട്ടുള്ള ഓരോ റാഗിംഗ് സംഭവത്തിന്റേയും സ്വഭാവവും ഗൌരവവും അനുസരിച്ച്.
- റാഗിംഗ് വിരുദ്ധ സ്ക്വാഡിന്റെ ശുപാർശകളില് സ്ഥാപിച്ചിട്ടുള്ള കുറ്റകൃത്യത്തിന്റെ സ്വഭാവവും ഗൌരവവും അനുസരിച്ച് റാഗിംഗ് വിരുദ്ധ കമ്മറ്റി, കുറ്റക്കാരെന്ന് കണ്ടെത്തുന്നവർക്കെതിരെ, താഴെ പറയുന്ന ഒന്നോ അതിലധികമോ ശിക്ഷാ നടപടികൾ കൈക്കൊള്ളുന്നതാണ്.
  a) ക്ലാസുകളിൽ നിന്നും വിദ്യാഭ്യാസ മുൻഗണനകളിൽ നിന്നുമുള്ള സസ്പെൻഷൻ.
  b) സ്കോളർഷിപ്പ്/ ഫെലോഷിപ്പ്, മറ്റ് ബാനഫിറ്റ്സ് എന്നിവ പിടിച്ച് വയ്ക്കുകയോ പിൻവലിക്കുകയോ ചെയ്യല്.
  c) ഏതെങ്കിലും ടെസ്റ്റ്/എക്സാമിനേഷൻ അല്ലെങ്കില് മറ്റ് വിലയിരുത്തൽ നടപടിക്രമങ്ങള് എന്നിവ വിലക്കല്
  d) പരീക്ഷാ ഫലങ്ങൾ പിടിച്ച് വയ്ക്കൽ.
  e) റീജ്യണൽ, നാഷണല്, അല്ലെങ്കില് ഇന്റർനാഷണല് മീറ്റ്, ടൂർണമെന്റ്, യൂത്ത് ഫെസ്റ്റിവല് മുതലായവയിൽ പങ്കെടുക്കുന്നത് വിലക്കൽ.
  f) ഹോസ്റ്റലിൽ നിന്നും സസ്പെൻഷൻ/ പുറത്താക്കൽ.
  g) അഡ്മിഷൻ ക്യാൻസൽ ചെയ്യൽ.

h) സ്ഥാപനത്തിൽ നിന്നും രണ്ടു മുതൽ നാല് വരെ സെമസ്റ്റർ കാലഘട്ടത്തിലേക്ക് മടി നിർത്തൽ.
i) സ്ഥാപനത്തിൽ നിന്നും പുറത്താക്കലും ഒരു നിർദിഷ്ട കാലഘട്ടത്തേക്ക് മറ്റ് സ്ഥാപനങ്ങളിൽ അഡ്മിഷന് വിലക്കലും.

- കുറ്റം ചെയ്ത വ്യക്തികളെ അല്ലെങ്കിൽ റാഗിംഗ് നടത്തുവാന് പ്രേരിപ്പിച്ച വ്യക്തികളെ കണ്ടെത്തുവാൻ കഴിഞ്ഞില്ലെങ്കിൽസ്ഥാപനത്തിന് കൂട്ടായ ശിക്ഷ വിധിക്കാവുന്നതാണ്.
- റാഗിംഗ് വിരുദ്ധ കമ്മറ്റിയുടെ ശിക്ഷാ വിധിക്കെതിരെയുള്ള ഒരു അപ്പീൽ നല്കേണ്ടത്, (i) ഒരു യൂണിവേർസിറ്റിയില് അഫിലിയേറ്റ് ചെയ്തിട്ടുള്ള അല്ലെങ്കിൽ യൂണിവേർസിറ്റിയുടെ ഭാഗമായ ഒരു സ്ഥാപനം ഒരു ഓർഡര് ഇടുന്ന സാഹചര്യത്തിൽ, യൂണിവേർസിറ്റിയുടെ വൈസ്-ചാൻസലർക്ക്; (ii) ഒരു യൂണിവേർസിറ്റി ഓർഡര് ഇടുന്ന സാഹചര്യത്തിൽ, അതിന്റെ ചാൻസലർക്ക് (iii) പാർലമെന്റിന്റെ ഒരു നിയമ പ്രകാരം രൂപീകരിക്കപ്പെട്ട ദേശീയ പ്രാധാന്യമുള്ള ഒരു സ്ഥാപനത്തിന്റെ കാര്യത്തില്, സാഹചര്യമനുസരിച്ച് സ്താപനത്തിന്റെ ചെയർമാന് അല്ലെങ്കില് ചാൻസലർക്ക്.
- നിയമന അധികാരിയുടെ കാഴ്ചപ്പാടിൽ, സ്ഥാപനത്തിലെ ഏതെങ്കിലും അംഗത്തിന്റെ അല്ലെങ്കില് ജീവനക്കാരന്റെ ഭാഗത്ത് കൃത്യവിലോപം ഉണ്ടെന്ന് കണ്ടെത്തിയാൽ, പ്രത്യേകിച്ചും റാഗിംഗ് സംഭവം തടയുന്നതിന് ഉചിതമായ നടപടി സ്വീകരിക്കുവാൻ വേണ്ടി വസ്തുത റിപ്പോർട്ട് ചെയ്യുന്നതില് വീഴ്ച വരുത്തൽ, അല്ലെങ്കില് റാഗിംഗ് പരാതികളോട് ഉദാസീനമായതോ നിവികാരമായതോ ആയ മനോഭാവം കാണിക്കൽ, അല്ലെങ്കില് ഈ നിബന്ധകള് പ്രകാരം ആവശ്യമായ നടപടികൾ സമയത്തിന് സ്വീകരിക്കാതിരിക്കല്, മറ്റൊരു വിധത്തിൽ പറഞ്ഞാല്, റാഗിംഗ് സംഭവം അല്ലെങ്കില് സംഭവങ്ങൾ തടയാതിരിക്കല് എന്നിവയുണ്ടായാല് അത്തരം ജീവനക്കാർക്ക് എതിരെ സ്താപനത്തിന്റെ നിർദിഷ്ട നടപടിക്രമങ്ങളനുസരിച്ച് അധികാരിക്ക് വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കാവുന്നതാണ്. അത്തരം കൃത്യവിലോപം സ്ഥാപന മേലധികാരിക്ക് എതിരെയാണ് സ്ഥാപിക്കപ്പെടുന്നതെങ്കിൽ, അത്തരം മേലധികാരിയെ നിയമിക്കുന്ന അധികാരിയായിരിക്കും അത്തരം വകുപ്പ് തല അച്ചടക്ക നടപടി സ്വീകരിക്കേണ്ടത്; കൂടാതെ അത്തരം നടപടി റാഗിംഗിന് പ്രേരിപ്പിച്ചതിനോ, റാഗിംഗ് തടയുന്നതിന് സമയത്തിന് നടപടിയെടുക്കുന്നതിൽ വീഴ്ച വരുത്തിയതിനോ

സ്വീകരിച്ച ശിക്ഷാ നിയമങ്ങളോടോ അല്ലെങ്കില് റാഗിംങ്ങില് കുറ്റക്കാരനെന്ന് കണ്ടെത്തിയ ഒരു വിദ്യാര്ത്ഥിയെ ശിക്ഷിച്ചതിനോടോ ഉള്ള മുന് വിധിയോടെ ആയിരിക്കരുത്.